# കൊക്കോ കോളയിൽ വിഷാംശമുണ്ട്

ബെൽജിയം, ഫ്രാൻസ്, ഹോളണ്ട് ഗവൺമെന്റുകൾ അവരുടെ രാജ്യങ്ങളിൽ കൊക്കകോളയും ആ കമ്പനിയുടെ മറ്റു പേരുകളിലുള്ള പാനീയങ്ങളും വിൽക്കുന്നത് നിരോധിച്ചിരിക്കുന്നു. സൗദി അറേബ്യയും മറ്റു ചില ഗൾഫ് രാജ്യങ്ങളും ബെൽജിയത്തിൽനിന്നും ഇറക്കുമതി ചെയ്ത കൊക്കകോള ഉത്പന്നങ്ങളെ നിരോധിച്ചു. (ഗൾഫ് രാജ്യങ്ങളിലേക്ക് കൊക്കകോള മുഖ്യമായും വരുന്നത് ബെൽജിയത്തിൽ നിന്നാണ്)

ഇക്കഴിഞ്ഞ മാസം, കൊക്കകോളയുടെ പാനീയങ്ങൾ കഴിച്ച ഇരുനൂറോളം വിദ്യാർഥികൾ വയറുവേദന, തലവേദന, വിറയൽ തുടങ്ങിയ അസുഖങ്ങൾ ബാധിച്ച് ആശുപത്രിയിലെത്തിയതാണ് ബെൽജിയം സർക്കാർ കൊക്കകോള ഉത്പന്നങ്ങൾ നിരോധിക്കാൻ കാരണം. കൊക്കകോള, ഫാന്റ, സ്പ്രൈറ്റ് തുടങ്ങിയ ഇന്ത്യയിൽ വിതരണത്തിലുള്ള എല്ലാ ബ്രാന്റുകളും ബെൽജിയത്തിൽ നിരോധിക്കപ്പെട്ടിരിക്കുകയാണ്. കൊക്കകോള ഉത്പന്നങ്ങൾ കഴിക്കുന്നത് ശീലമാക്കിയവരിൽ പലരുടെയും രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ് കുറഞ്ഞുവരുന്നതായി ബെൽജിയത്തിൽ നടത്തിയ ചില പഠനങ്ങളിൽ തെളിഞ്ഞിരുന്നു. അതിനിടയിലാണ് വിദ്യാർഥികളുടെ കൂട്ടരോഗബാധ വന്നത്. അതോടെ പെട്ടെന്നു നിരോധനം പ്രാബല്യത്തിൽ വരികയാണ്.

ബെൽജിയത്തിലെ ബോട്ടിലിംഗ് പ്ലാന്റിൽ നിന്നാണ് ഹോളണ്ടിലേക്കും 'കോള' ഇറക്കുന്നത്. അതുകൊണ്ടു ഹോളണ്ട് സർക്കാരും നിരോധനം ഏർപ്പെടുത്തി.

മേൽപറഞ്ഞ പ്രശ്നങ്ങൾ കൂടാതെ, ഫ്രാൻസിലെ ബോട്ടിലിംഗ് പ്ലാന്റിൽ തന്നെ തയാറാക്കിയ കൊക്കകോള ടിന്നുകളിൽ ഫംഗസ് കണ്ടെത്തുക കൂടി ചെയ്തതാണ് ഫ്രാൻസിലെ നിരോധനത്തിനു കാരണം.

ജൂൺ രണ്ടാം വാരത്തിൽ ഫ്രാൻസിൽ എൺപതോളം പേർക്കും സൗദിയിൽ നൂറോളം പേർക്കും വിഷബാധയുണ്ടായി. ഇവിടെയും കൊക്കോകോളയും അനുബന്ധ ഉത്പന്നങ്ങളും നിരോധിച്ചു. ലാത്വിയയിലും സ്വിറ്റ്സർലണ്ടിലും നിരോധത്തിനുള്ള ഉത്തരവായിട്ടുണ്ട്.

കൊക്കോകോള കമ്പനിയുടെ പക്ഷത്തുനിന്നും വിശദീകരണമൊന്നുമുണ്ടായിട്ടില്ല. എന്നാൽ, പൂപ്പൽ ഇല്ലാതാക്കാൻ ചേർത്ത രാസവസ്തുവാണ് വിഷബാധയ്ക്കു കാരണമെന്ന് കോള വില്പനയിൽ രണ്ടാം സ്ഥാനക്കാരായ പെപ്സി പറയുന്നു. നിരോധന ഭീഷണിയെ നേരിടുന്നതുകൊണ്ടാണ് പെപ്സി ഇത്തരമൊരു വിശദീകരണവുമായി കൊക്കോകോളയെ തുണയ്ക്കാനെന്ന വ്യാജേന രംഗത്തിറങ്ങിയിട്ടുള്ളതെന്നതാണ് വാസ്തവം.

കോള ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ അതീവ ഗുരുതരമാണെന്ന റിപ്പോർട്ടുകൾ പുറത്തുവന്നതോടെ പല രാജ്യങ്ങളും കോളക്കെതിരേ കർശന നടപടികൾ തുടങ്ങിക്കഴിഞ്ഞു.

ജനങ്ങളുടെ ആരോഗ്യത്തെ അത്രയൊന്നും കാര്യമായി കണക്കാക്കാത്ത ഗവൺമെന്റുകൾ നിലവിലുള്ള ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ ഇപ്പോഴും ഇക്കാര്യത്തിൽ ഒന്നും സംഭവിച്ചിട്ടില്ല. കൊക്കകോള ഉത്പന്നങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാന സർക്കാരുകളോട് നിർദേശിക്കുകയാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം ചെയ്തിരിക്കുന്നത്. ഇത്തരം നിർദേശങ്ങൾക്ക് നമ്മുടെ രാജ്യത്ത് എന്തു വിലയാണുള്ളതെന്ന് നമുക്കറിയാവുന്നതാണല്ലോ.

കൊക്കോ കോള, പെപ്സി പോലുള്ള പാനീയങ്ങൾ ആരോഗ്യത്തിന് അത്യന്തം ഹാനികരമാണെന്നും അർബുദം, കുടൽപുണ്ണ്, ബുദ്ധിമാന്ദ്യം തുടങ്ങി ഒരുകൂട്ടം രോഗങ്ങൾക്കു കാരണമാകുമെന്നും ലോകത്തിലെ പ്രമുഖ ശാസ്ത്രജ്ഞരെല്ലാം മുന്നറിയിപ്പ് നല്കിയിട്ടുള്ളതാണ്. കോടിക്കണക്കിനു കാശു വാരിയെറിഞ്ഞ് ക്രിക്കറ്റ് ദൈവങ്ങളേയും മുക്കാൽ നഗ്ന ഹിന്ദി സിനിമാതാരങ്ങളേയും ടിവിയിലിട്ട് തുള്ളിച്ച് ഇത്തരം ബഹുരാഷ്ട്ര കുത്തകക്കമ്പനികൾ യുവതലമുറയെ മുഴുവൻ ഭ്രമിപ്പിച്ചുകഴിഞ്ഞു. ഇന്ന് ഇന്ത്യ പോലുള്ള ദരിദ്ര രാഷ്ട്രങ്ങളിൽ കുമാരീ കുമാരന്മാർക്ക് കോള കുടി ഫാഷനും സ്റ്റൈലും ചെത്തി നടക്കലിന്റെ ഒഴിച്ചുകൂടാനാകാത്ത ഘടകവുമൊക്കെയാണ്. സത്യത്തിൽ ആഗോളവത്കരണവും ഉപഗ്രഹചാനലുകളും ഏറ്റവുമധികം മുതലാക്കിയത് കോളക്കാർ തന്നെ.

കരിഷ്മ കപൂറിന്റെയോ, ഷാരൂഖ് ഖാന്റെയോ സ്റ്റൈലിൽ കോള അകത്താക്കുമ്പോൾ ഒരുപക്ഷേ കുറച്ചുകാലത്തെ ആശുപത്രിവാസം നിങ്ങളെ കാത്തിരിക്കുന്നുണ്ടെന്നും ചിന്തിച്ചോളുക.

**മീഡിയാമേറ്റ്**